LIBRARY ARCHIVES Kerala Legislative Assembly

അദ്ധ്യാപക നിയമനം

63 (4674) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ വിദ്യാലയങ്ങളിൽ 2014-15-ലെ കണക്കെടുപ്പിന്റെ അടിസ്ഥാനത്തിൽ അനുവദിച്ച ഡിവിഷനുകളിലേക്കുള്ള അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ടോ;

(ബി) കരുനാഗപ്പള്ളി വിദ്യാഭ്യാസ ഉപജില്ലയിൽ, ആദിനാട് ഗവൺമെന്റ് യു.പി. സ്കൂൾ (code 41246)-ൽ 2014-15 അദ്ധ്യയനവർഷത്തിൽ ലോവർപ്രൈമറി വിഭാഗത്തിൽ അനുവദിച്ച രണ്ട് ഡിവിഷനിലേക്ക് അദ്ധ്യാപകരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത സ്കൂളിന്റെ പ്രവർത്തനം സുഗമമായി നടക്കുന്നതിനുവേണ്ടി രണ്ട് അദ്ധ്യാപകരെ അദ്ധ്യാപകബാങ്കിൽ നിന്നും നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 2014-15-ലെ കണക്കെടുപ്പിന്റെ അടിസ്ഥാനത്തിൽ തസ്തിക നിർണ്ണയം സംബന്ധമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കാനിരിക്കുന്നതേയുള്ളൂ.

(ബി&സി) തസ്തിക നിർണ്ണയം സംബന്ധിച്ച പൊതു മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച ശേഷമേ ഇക്കാര്യത്തിലുള്ള തീരുമാനങ്ങൾ സ്വീകരിക്കാനാവൂ.

അദ്ധ്യാപക പാക്കേജ്

64 (4675) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ 25-10-2011-ലെ ജെ./60930/11 പൊ.വി. വിശദീകരണ പ്രകാരം അദ്ധ്യാപക പാക്കേജുമായി ബന്ധപ്പെട്ട് 1-6-2011-ന് മുൻപുള്ള എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക തസ്തികയിലേക്കുള്ള നിയമനങ്ങൾ അംഗീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ അധിക തസ്തികയിൽ നിയമിക്കപ്പെട്ട അദ്ധ്യാപകരിൽ ആർക്കെങ്കിലും കോടതിയുത്തരവ് മുഖേനയോ അല്ലാതെയോ 1-6-2011-ന് മുമ്പുള്ള നിയമനം അംഗീകരിച്ച് ശമ്പളം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പേർക്ക്, ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ;